ഭരണഭാഷ-മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
മൂന്നാം നില, റവന്യൂ കോംപ്ലക്സ്
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-33

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. ഇ1/1029/20/സിഇ/തസ്വഭവ

തീയതി: 30.12.2020

## പരിപത്രം

വിഷയം:- തസ്വഭവ (LID & EW) —സാങ്കേതിക വിഭാഗം — പൊതുമരാമത്ത് പ്രവൃത്തികളിൽ വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും, അത്തരത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതും — സംബന്ധിച്ച്.

സൂചന:- 03.12.2020 തീയതിയിലെ തസ്വഭവ-EW2/40/2019-തസ്വഭവ നമ്പർ സർക്കാർ കത്ത്.

തദ്ദേശസ്വയംഭരണ വകുപ്പ് സാങ്കേതിക വിഭാഗത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും, അത്തരത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതായും റിപ്പോർട്ടുകൾ സർക്കാർ തലത്തിൽ ലഭിക്കുകയുണ്ടായി.

ആയതിനാൽ ഈ വകുപ്പിനു കീഴിൽ ഇനി മുതലുള്ള എല്ലാ മരാമത്ത് പ്രവൃത്തികളുടെയും നിരതദ്രവ്യം, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ്, performance ഗ്യാരന്റി എന്നിവ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ടി രേഖകൾ വ്യാജമല്ല എന്നതു ആവശ്യമെങ്കിൽ ട്രഷറി / ബാങ്കുകളുമായി നേരിട്ട് ബന്ധപ്പെട്ട് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ ഈ വകുപ്പിനു കീഴിൽ വിവിധ കാര്യാലയങ്ങളിൽ നിലവിൽ സൂക്ഷിച്ചിരിക്കുന്ന ഇത്തരം രേഖകൾ അസ്സൽ തന്നെയാണ് എന്നതും ഉറപ്പ് വരുത്തേണ്ട പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും. വ്യാജരേഖകൾ കണ്ടെത്തുന്ന മുറയ്ക്ക് ബന്ധപ്പെട്ട കരാറുകാർക്കെതിരെ നിയമപരമായ നടപടി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ